# സ്ത്രീകളുടെ ദൈവശാസ്ത്ര പഠനം

ഫാ. ഡോ. കെ. എം. ജോർജ്ജ്

**സ്ത്രീ**കളുടെ ദൈവശാസ്ത്ര പരിശീലനത്തിന് ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ ലഭിച്ച ആഗോള പ്രാധാന്യം ഓർത്തഡോക്സ് സഭകളിലും പ്രതിഫലിക്കുകയുണ്ടായി. മലങ്കര ഓർത്ത ഡോക്സ് സഭയിൽ, സഭാംഗങ്ങളെ പൊതുവായി കണക്കിലെടുത്ത് കോട്ടയം വൈദിക സെമിനാരി യിൽ നിന്ന് ആരംഭിച്ച ദിവ്യബോധന പഠന പദ്ധതിയിൽ നമ്മുടെ വനിതകൾ കാണിച്ച താൽപര്യം പ്രശംസനീയമായിരുന്നു. പാശ്ചാത്യ നവീകരണ സഭകളിൽ വൈദിക ശുശ്രൂഷയിലേയ്ക്കുള്ള ഒരു പടി യായി സ്ത്രീകളുടെ ദൈവശാസ്ത്രത്തെ കണ്ടപ്പോൾ, ഓർത്തഡോക്സ് സഭകളിലും റോമൻ കത്തോ ലിക്കാ സഭയിലും പൗരോഹിത്യത്തോട് ബന്ധപ്പെടുത്താതെ തന്നെ ദൈവജനത്തിന്റെ വേദപരിശീലന ത്തിന് പുതിയൊരു പ്രാമുഖ്യം ലഭിച്ചു. വിശ്വാസികളായ എല്ലാ സഭാംഗങ്ങൾക്കും വേണ്ടിയുള്ള ഔപ ചാരികമായ വേദശാസ്ത്ര പഠനത്തിനാണ് ഈ പുതിയ ഊന്നൽ ലഭിച്ചത്. എന്നാൽ അനൗപചാരിക മായി സ്ത്രീകളുടെ വേദപരിശീലനം സഭയുടെ പുരാതന പാരമ്പര്യത്തിൽപ്പെട്ടതാണ്. കാലം ചെയ്ത അഭിവന്ദ്യ പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി എപ്പോഴും നമ്മെ ഓർമ്മിപ്പിച്ചിരുന്നതനുസരിച്ച്, സഭയുടെ വിശ്വാസ പ്രബോധനത്തിന്റെ ഔദ്യോഗിക ചുമതലക്കാർ മെത്രാന്മാരാണ് എങ്കിലും യഥാർത്ഥ ത്തിൽ വിശ്വാസം സഭയിൽ പഠിപ്പിക്കുകയും പിൻതലമുറകൾക്ക് കൈമാറി കൊടുക്കുകയും ചെയ്യുന്നത് സ്ത്രീകളാണ്.

സ്ത്രീകൾക്ക് സാമൂഹികമായി പല പരിമിതികൾ ഉണ്ടായിരുന്ന കാലത്തും സഭയുടെ ആരാധന യിലും അനുഷ്ഠാനങ്ങളിലും വേദപുസ്തക മനനത്തിലും അവരായിരുന്നു മുമ്പിൽ. അതുകൊണ്ട് ഔപ ചാരികമായി അവർ സഭയിൽ "മൽപ്പാൻ" (ഗുരു) സ്ഥാനം എടുത്തില്ലെങ്കിലും, എല്ലാ മൽപ്പാന്മാർക്കും മെത്രാന്മാർക്കും വൈദികർക്കും വിശ്വാസപ്രബോധനത്തിന്റെ ആദിപാഠങ്ങൾ ലഭിച്ചത് അമ്മമാരിൽ നിന്നോ കുടുംബത്തിലെ മുതിർന്ന മറ്റു സ്ത്രീകളിൽ നിന്നോ ആണ്.

സ്ത്രീകൾക്ക് ഔപചാരിക വേദശാസ്ത്ര വിദ്യാഭ്യാസം നൽകാൻ ഇപ്പോൾ നമ്മുടെ സഭയുടെ പ. സുന്നഹദോസ് തീരുമാനിച്ചത് പരിശുദ്ധാത്മ പ്രേരിതമായിട്ടാണ്. സഭാംഗങ്ങൾ എല്ലാവരും ഇതിൽ സന്തോഷിക്കേണ്ടതാണ്. കഴിഞ്ഞ ഏതാണ്ട് ഇരുപതു വർഷങ്ങളായി നമ്മുടെ വൈദിക സെമിനാരി അദ്ധ്യാപകരുടെ കൂട്ടായ ശ്രമത്തിന്റെ ഫലമായി തയ്യാറാക്കപ്പെട്ട ദിവ്യബോധനം ഗ്രന്ഥാവലിയും ഇടവ ക തലത്തിൽ അവയുടെ ക്രമീകൃതമായ പഠനവും ചർച്ചകളും ഇത്തരത്തിൽ ഒരു പുതിയ അവബോധം സഭയിൽ മുഴുവൻ സൃഷ്ടിക്കുവാൻ കാരണമായി. എങ്കിലും ദിവ്യബോധന പഠനം പല തലങ്ങളിൽ പൂർത്തിയാക്കിയവരെ സഭയുടെ വിവിധ ശുശ്രൂഷകളിൽ ചുമതലപ്പെടുത്താൻ കാര്യമായ ശ്രമമൊന്നും ഇതുവരെ നടന്നിട്ടില്ല എന്നത് ഖേദകരമാണ്. അതുകൊണ്ട് സ്ത്രീകൾക്ക് ദൈവശാസ്ത്രത്തിൽ ഉപരി വിദ്യാഭ്യാസം ഔപചാരികമായി നൽകുന്നതോടൊപ്പം, ആ നിലയിൽ കഴിവും ആത്മീക പക്വതയും പ്രാഗൽഭ്യവും തെളിയിക്കുന്ന വനിതകളെ സമർഹമായ രീതിയിൽ സഭയുടെ പ്രബോധന ശുശ്രൂഷയിലും മറ്റും നിയോഗിക്കുന്ന കാര്യവും ചിന്തിച്ചു തുടങ്ങണം.

സന്യാസപ്രസ്ഥാനം, മിഷനറി - ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടാണ് സ്ത്രീകളുടെ വേദശാസ്ത്രപരമായ ഉപരി വിദ്യാഭ്യാസത്തെ പ. സുന്നഹദോസ് കാണുന്നത് എന്നു തോന്നുന്നു. എന്നാൽ ഒരു സന്യാസിനി സമൂഹത്തിന്റെ അംഗമായിത്തീർന്ന് സന്യാസവ്രതമെടുത്ത് വേദശാസ്ത്ര പഠനം നടത്താൻ തയ്യാറുള്ളവർ എത്രപേരുണ്ടെന്ന് കണ്ടറിയണം. നല്ല രീതിയിൽ സന്യാസം അനുഷ്ഠിക്കുകയും സാമൂഹ്യസേവനം നടത്തുകയും ചെയ്യുന്ന ഏതാനും സന്യാസിനി സമൂഹങ്ങൾ നമുക്കുണ്ടെങ്കിലും, കത്തോലിക്കാ സഭയിലെപ്പോലെ അത് ഒരു വലിയ പ്രസ്ഥാനമാക്കി മാറ്റാൻ നമുക്കു കഴിഞ്ഞിട്ടില്ല. നമുക്ക് അടുത്ത രക്തബന്ധമുള്ള കേരളത്തിലെ സീറോ മലബാർ കത്തോലിക്കാ സഭ യിൽ അമ്പതിനായിരത്തോളം കന്യാസ്ത്രീകൾ വിവിധ രാജ്യങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് നാം ഓർ ക്കണം. അങ്ങനെയൊരു സന്യാസസംസ്ക്കാരവും സേവനശൈലിയും പ്രാവർത്തികമാക്കാൻ നമുക്ക് കഴിഞ്ഞില്ലെങ്കിലും, ലളിതമായ ചില തുടക്കങ്ങൾ ഇടുവാൻ നമുക്കു കഴിയും.

ഒന്ന്: ഇപ്പോൾ നിലവിലുള്ള സന്യാസിനി സമൂഹങ്ങളിൽ വിജ്ഞാന തൃഷ്ണയും ആത്മീയ - അക്കാ ദമിക് യോഗ്യതകളുമുള്ളവരെ ആദ്യമായി പരിശീലിപ്പിക്കുകയും അവരുടെ നേതൃത്വത്തിൽ സ്ത്രീകൾക്കു

വേണ്ടി ഒരു വേദശാസ്ത്ര വിദ്യാലയം ആരംഭിക്കുകയും ചെയ്യാം. അടിസ്ഥാന വേദശാസ്ത്രപഠനം ഇവിടെ നടത്തുകയും ഉപരിവിദ്യാഭ്യാസത്തിന് ഇപ്പോൾ നമ്മുടെ സെമിനാരിയിലും മറ്റുമുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യാം.

രണ്ട്: കത്തോലിക്കാസഭയിലും കോപ്റ്റിക് ഓർത്തഡോക്സ് സഭയിലും മറ്റും സന്യാസിനിമാരുടെ പ്രത്യേകവേഷമിടാതെതന്നെ "സമർപ്പിത സഹോദരിമാർ" എന്ന നിലയിൽ ഒരുമിച്ച് ജീവിക്കുകയും ലളിതമായ ജീവിതശൈലിയും ചില ആത്മീക നിഷ്ഠകളും പാലിച്ച്, സഭയുടെ സേവന സരണികളിൽ പ്രവർത്തിക്കുകയും ചെയ്യുന്ന "അത്മായക്കാരായ" ധാരാളം സ്ത്രീകളുണ്ട്. കെട്ടുറപ്പുള്ള ഒരു സംവിധാനമുണ്ടെങ്കിൽ, ഇങ്ങനെയുള്ള സേവനത്തിന് നമ്മുടെ സഭയിലും പലരും തയ്യാറാകും. ഇവർക്ക് പ്രത്യേക പരിശീലനം നല്കുന്നതിൽ മേൽപ്പറഞ്ഞ സ്ഥാപനത്തെ ഉപയോഗിക്കാം.

മൂന്ന്: കുടുംബിനികളും ഉദ്യോഗസ്ഥകളുമായി കഴിഞ്ഞ് ജീവിതത്തിന്റെ ഒരു അന്ത്യഘട്ടത്തിൽ സഭാസേവനത്തിനും മറ്റും തയ്യാറാകുന്ന വിദ്യാഭ്യാസവും ആരോഗ്യവും കഴിവുമുള്ള വനിതകൾ നമ്മുടെ ഇടവകകളിൽ കൂടിക്കൂടിവരുന്നു. ഇവരെ ക്രിസ്തീയ സേവനപരമായ ചില ആദർശ - ലക്ഷ്യങ്ങളുടെ കൊടിക്കീഴിൽ സംഘടിപ്പിച്ച് പരിശീലനം നൽകിയാൽ പ്രാദേശികമായ സേവനവേദികൾ ഒരുക്കുന്നതിന് സാധിക്കും. ഇതിന് ആവശ്യമായ സൈദ്ധാന്തിക വിചിന്തനം നടത്തുന്നതിനും പരിശീലനം നൽകുന്നതിനും ഇങ്ങനെയൊരു വേദശാസ്ത്ര കേന്ദ്രത്തിന് സാധിക്കും.

സഭയിൽ സ്ത്രീകളുടെ പ്രവർത്തനത്തെ പുരുഷന്മാരുടെ പ്രവർത്തനങ്ങളുടെ അനുബന്ധമായോ അടിക്കുറിപ്പായോ മാത്രം കാണുന്ന രീതി നിർത്തലാക്കണം. പുരുഷ മേധാവിത്വത്തിന്റെ ശൈലിയിൽ രൂപപ്പെടുത്തിയ ഒരു സംവിധാനത്തിൽ നന്നായി പ്രവർത്തിക്കുവാൻ സർഗ്ഗശേഷിയുള്ള സ്ത്രീകൾക്ക് പ്രയാസം വരും. അതുകൊണ്ട് സഭയുടെ ഭാവിയെക്കുറിച്ചും ആദ്ധ്യാത്മിക പുതുക്കത്തെക്കുറിച്ചും സ്ത്രീകളും പുരുഷന്മാരും സമഭാവനയോടെ ചിന്തിച്ച് പ്രവർത്തിക്കേണ്ടത് അനുപേക്ഷണീയമാണ്. സഭയുടെ പാരമ്പര്യത്തിൽ, "നിശ്ശബ്ദ വേരുകളായി" പടർന്ന് സഭാവൃക്ഷത്തിന് അദൃശ്യമായി വളവും വെള്ളവും സ്ത്രീകൾ എപ്പോഴും നൽകിയിരുന്നുവെന്ന് നാം മറക്കരുത്. അതുകൊണ്ട് സ്ത്രീകളുടെ വേദശാസ്ത്ര പഠനത്തെയും അതിന്റെ സാധ്യതകളെയും സംബന്ധിച്ച് അവരുടെ പ്രതിനിധികളുടെ ചർച്ചകളും അന്വേഷണങ്ങളും ആദ്യം നടക്കണം.

കോട്ടയം വൈദിക സെമിനാരിയിൽ നടത്തപ്പെടുന്ന ദിവ്യബോധനം, ശ്രുതി സംഗീത വിദ്യാലയം, പ്രത്യാശാ കൗൺസലിംഗ് ട്രയിനിംഗ് എന്നീ പ്രശസ്തങ്ങളായ ത്രിവിധ പ്രസ്ഥാനങ്ങളിലൂടെ നിരവധി ഓർത്തഡോക്സ് വനിതകളും പെൺകുട്ടികളും സഭയെക്കുറിച്ചും അതിന്റെ ധർമ്മത്തെക്കുറിച്ചും പുതിയ അവബോധം നേടുന്നുണ്ട്.

നമ്മുടെ ഓരോ ഭദ്രാസനവും മുൻകൈയെടുക്കുകയാണെങ്കിൽ ഇവരിൽ സമർഹരായ കുറേപ്പേരെയെങ്കിലും ഔദ്യോഗികമായി വിശ്വാസപ്രബോധകർ, ആരാധനാ സംഗീതാദ്ധ്യാപകർ, പാസ്റ്ററൽ കൗൺസിലേഴ്സ് എന്നീ നിലകളിൽ യഥായോഗ്യം നിയമിക്കാവുന്നതാണ്. ഇവരോടൊപ്പം ടീമായി പ്രവർത്തിക്കാൻ ഭദ്രാസനതലത്തിൽ അർഹരായ വൈദികരെയും ചുമതലപ്പെടുത്താവുന്നതാണ്. പുരുഷന്മാരായ വൈദികർക്ക് പ്രവർത്തിക്കാൻ സാമൂഹിക പരിമിതികളുള്ള സാഹചര്യങ്ങളിൽ സ്ത്രീകൾക്ക് കൗൺസലിംഗും മറ്റും ഫലപ്രദമായി നടത്താവുന്നതാണ്. ഇക്കാര്യങ്ങളിലെല്ലാം അൽപ്പം പരീക്ഷണ വ്യഗ്രത ആവശ്യമാണ്. പരീക്ഷിച്ചു നോക്കുന്നതിനു മുമ്പേ, ഇതൊന്നും ശരിയാവുകയില്ല എന്നു പ്രഖ്യാപിക്കുന്ന രീതിയാണ് നമുക്ക് ഇപ്പോൾ ഉള്ളത്. ഇത് അലസതയും അശുഭാപ്തി ചിന്തയും കൊണ്ടാണ്.

കത്തോലിക്കാ സഭയുടെ രീതി ഇവിടെ നാം കണ്ടുപഠിക്കേണ്ടതാണ്. ചെറുപ്പത്തിലേ സെമിനാരികളിൽ എടുക്കുന്ന ആൺകുട്ടികളിൽ ഏതാണ്ട് മൂന്നിലൊന്ന് ആയിരിക്കാം വിദ്യാഭ്യാസം പൂർത്തിയാക്കി വൈദികരാവുന്നത്. അതുപോലെ ആയിരക്കണക്കിന് അംഗങ്ങൾ ആശ്രമങ്ങളിലും മഠങ്ങളിലും ചേരുന്നതിൽ ചെറിയൊരു സംഖ്യയാണ് യഥാർത്ഥത്തിൽ സന്യാസ ജീവിതം സ്വീകരിക്കുന്നത്.

പക്ഷേ അങ്ങനെ ലഭിക്കുന്ന ചെറിയ "ആട്ടിൻകൂട്ടത്തിൽ" അതിശ്രേഷ്ഠമായ ആത്മീയ ജീവിതവും അസാധാരണമായ പ്രതിഭാശക്തിയും ഉള്ള വ്യക്തികൾ അപൂർവ്വമായിട്ടല്ലാതെ ഉണ്ടാകുന്നുണ്ട്. ഒരു സമൂഹത്തെയും കാലഘട്ടത്തെയും ധന്യമാക്കാൻ ഇങ്ങനെ കുറച്ച് വ്യക്തികൾക്കു സാധിക്കും.

പഠനവും പാണ്ഡിത്യവും സന്യാസവും ഗൃഹസ്ഥാ ശ്രമവും ജീവകാരുണ്യ പ്രവർത്തനവും മിഷനറി പ്രസ്ഥാനവും എല്ലാം ഒരുപോലെ പ്രാധാന്യമുള്ള ദൈവശാസ്ത്ര പാരമ്പര്യമാണ് ഓർത്തഡോക്സ് സഭയ്ക്കുള്ളത്.

അതിനനുസരിച്ച് കാലികമായി ചിന്തിച്ച് പുതിയ ഘടനകളും സഭാസംവിധാനങ്ങളും നേതൃത്വ

ശൈലിയും ആവിഷ്ക്കരിക്കാൻ കുറെയൊക്കെ വൈകിയിരിക്കുന്നു. എങ്കിലും പരിശുദ്ധാത്മാവിന്റെ പൂർത്തീകരണശക്തിയിൽ വിശ്വാസമർപ്പിച്ച് നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. "നക്ഷത്രങ്ങളെ ഉന്നം വച്ചാൽ മരത്തിലെങ്കിലും കൊള്ളും" എന്ന പഴഞ്ചൊല്ല് ഇവിടെയും പ്രസക്തമാണ്.

*(ദിവ്യബോധനം സുവനീർ 2001)*

# പ്രാർത്ഥനയുടെ പരിമളം

## ഫാ. ഡോ. കെ. എം. ജോർജ്

**ആ**ഗോള ക്രിസ്തീയ പാരമ്പര്യത്തിൽ വിശ്രുതനായ മാർ അപ്രേമിന്റെ കൃതികൾ നാലാം നൂറ്റാണ്ടിൽനിന്ന് നമ്മുടെ കാലഘട്ടത്തിലേക്ക് ഒഴുകിയിറങ്ങിയത് അനേകം കൈവഴികളിലൂടെയാണ്. ക്രിസ്തീയസഭയുടെ മുഖ്യ വിഭജനങ്ങൾക്ക് മുമ്പ് നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആ ദിവ്യഗായകൻ ആഗോള സഭയുടെ ഗുരുവും പിതാവുമായി അറിയപ്പെട്ടു. കവിയും സന്യാസിയും സംഗീതജ്ഞനും വേദപണ്ഡിതനുമായിരുന്ന മാർ അപ്രേമിന്റെ വേദകാവ്യങ്ങളും ഭക്തിഗീതകങ്ങളും സുറിയാനി മൂലത്തിൽനിന്ന് ലത്തീൻ, ഗ്രീക്ക്, അറബി, മലയാളം, അർമീനിയൻ, സ്ലാവോണിക് തുടങ്ങിയ ഭാഷകളിലൂടെ വിപുലമായ ഒരു ക്രൈസ്തവ ജനസഞ്ചയത്തെ സ്വാധീനിച്ചു.

സ്ലാവോണിക് ഭാഷയിലൂടെ ഇംഗ്ലീഷിൽ വന്ന മാർ അപ്രേമിന്റെ തെരഞ്ഞെടുത്ത പ്രാർത്ഥനകളുടെ ഒരു സമാഹാരമാണ് ഇവിടെ മലയാളത്തിൽ പ്രകാശിതമായിരിക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടിൽ റഷ്യയിൽ ജീവിച്ചിരുന്ന ബിഷപ്പും സന്യാസിയും ഏകാന്ത തപസ്വിയുമായിരുന്ന തെയോഫാൻ, സ്ലാവോണിക് ആരാധനക്രമങ്ങളിൽനിന്നും ആദ്ധ്യാത്മികരചനകളിൽനിന്നും സമാഹരിച്ച കൃതിയാണിത്.

ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ പാരമ്പ്യത്തിൽ നിന്നായിരിക്കണം റഷ്യ തുടങ്ങിയ സ്ലാവ് രാജ്യങ്ങളിലെ പുരാതന ഭാഷയായ സ്ലാവോണിക്കിലേക്ക് ഈ വിനിമയം നടന്നത്. ഗ്രീക്കുകാരനായ വിശുദ്ധ സിറിൽ, വിശുദ്ധ മെഥോഡിയസ് എന്നീ രണ്ടു മിഷണറിമാരാണ് ആയിരം വർഷങ്ങൾക്കു മുമ്പ് സ്ലാവ് ജനതയ്ക്ക് ക്രിസ്തുവിന്റെ സുവിശേഷം നൽകിയത്. പുതുതായി ക്രിസ്തീയ വിശ്വാസം സ്വീകരിച്ച സ്ലാവ് ജനതയുടെ ഭാഷയ്ക്ക് ലിപിയില്ലാതിരുന്നതുകൊണ്ട്, ഗ്രീക്ക് ഭാഷയുടെ മാതൃകയിൽ "സിറിലിയൻ" അക്ഷരങ്ങളുണ്ടാക്കിയാണ് ബൈബിളും ആരാധനക്രമങ്ങളും സ്ലാവോണിക് ഭാഷയിലേക്ക് അവർ വിവർത്തനം ചെയ്തത്.

നൂറ്റാണ്ടുകളിലൂടെ നടന്ന വിപുലമായ ആദ്ധ്യാത്മിക സാഹിത്യ വിനിമയം മൂലം മാർ അപ്രേമിന്റെ മൂലകൃതികൾ അതേപടി ഇവിടെ കണ്ടെന്ന് വരികയില്ല. പ്രാർത്ഥനകളും ഗാനങ്ങളും തർജ്ജമ ചെയ്യുമ്പോൾ ഓരോ സംസ്കാരത്തിന്റെയും ഭാഷയുടെയും തനിമ വിവർത്തനത്തിൽ നിഴലിക്കും. ബാഹ്യമായ പാഠഭേദങ്ങളും മനഃപൂർവ്വമോ അല്ലാത്തതോ ആയ മാറ്റങ്ങളും അവയിൽ വരാം. പ്രശസ്തരായ ആളുകളുടെ പേരിലും ശൈലിയിലും പിൽക്കാലത്ത് അവരുടെ ആരാധകർ രചനകൾ നടത്തി പ്രസിദ്ധീകരിക്കുകയെന്നത് പഴയ കാലങ്ങളിൽ സ്വീകാര്യമായ രീതിയായിരുന്നു. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ അപ്രേമിന്റെ ചില പ്രാർത്ഥനകളിൽ, അഞ്ചാം നൂറ്റാണ്ടിൽ (എ. ഡി. 451 -ൽ) നടന്ന കൽക്കദോന്യ സുന്നഹദോസിലെ ചില നിർവ്വചനങ്ങളും പ്രയോഗങ്ങളും നിഴലിച്ചുകാണുന്നത് ഇതിനു നല്ലൊരുദാഹരണമാണ്.

എന്നാൽ ഈ പുസ്തകത്തിന്റെ മുഖ്യ ലക്ഷ്യം വായനക്കാരുടെ ആദ്ധ്യാത്മികപരിവർത്തനവും ദൈവതേജസ്സിലുള്ള വളർച്ചയുമാണ്. മലയാളത്തിൽ ഈ മഹൽഗ്രന്ഥം പ്രകാശിപ്പിക്കുവാൻ തീരുമാനിച്ച മാന്യസ്നേഹിതൻ ഡോ. ചെറിയാൻ ഈപ്പന്റെയും ഏക ലക്ഷ്യം ഇതുതന്നെയാണ്. ഇവിടെ ചരിത്രപരമായ പാഠവിമർശനത്തിന് വലിയ സ്ഥാനമില്ല.

ഡോ. ചെറിയാൻ ഈപ്പൻ അദ്ദേഹത്തി ന്റെ സ്വന്തം വായനയുടെയും ആദ്ധ്യാത്മികാന്വേഷണത്തിന്റെയും ഫലമായി സ്ലാവോണിക് പാരമ്പര്യത്തിൽ കണ്ടെത്തിയ നിധിയാണ് 'മാർ അപ്രേമിന്റെ സങ്കീർത്തനം.' യഥാർത്ഥ ക്രിസ്തീയ വിശ്വാസം മനുഷ്യ ജീവിതത്തിന് നല്കുന്ന ആഴമായ അർ ത്ഥം തേടിയുള്ള അദ്ദേഹത്തിന്റെ തീർത്ഥാടനം പൗരസ്ത്യ ക്രിസ്തീയതയുടെ ആത്മീക സ്രോതസ്സുകളിലേക്ക് അദ്ദേഹത്തെ നയിച്ചു. തനിക്കു ലഭിച്ച അപൂർവ്വാനുഭവങ്ങളെ മറ്റുള്ളവരുമായി പങ്കുവച്ച്, നിരന്തരമായ ആന്തരിക പ്രാർത്ഥനയിലൂടെ പുതിയൊരു മാനവസമൂഹത്തിന് രൂപരേഖകൾ ചമയ്ക്കാനുള്ള ഡോ. ചെറിയാൻ ഈപ്പന്റെ നന്മനിറഞ്ഞ ആഗ്രഹമാണ് മലയാളത്തിൽ ഇങ്ങനെയൊരു ഗ്രന്ഥം ഇറ

ങ്ങാൻ കാരണമായത്.

ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് വിവർ ത്തനം നടത്തിയവർ അതിന്റെ പ്രേരകലക്ഷ്യമായി പറയുന്നത് മലയാളത്തിലും പ്രസക്തമാണ് എന്നു തോന്നുന്നു. അത് ഇങ്ങനെ സൂചിപ്പിക്കാം: ദൈവകൃപയെ തുടർച്ച യായി ഉള്ളിൽ സംവഹിക്കുന്നവരാണ് യഥാർത്ഥ ഭക്തർ. കൃപയാകുന്ന ഈശ്വരപ്രസാദത്തെ നമ്മിൽ നിലനിർത്തുന്നത് നമ്മുടെ ഉള്ളിന്റെ ഉള്ളിൽനിന്ന് ഉതിരുന്ന ആഴമായ പ്രാർത്ഥനയാണ്. ഈ ആന്തരിക പ്രാർത്ഥനയുള്ളവർ ദൈവപ്രസാദമുള്ളവരായി വർത്തിക്കുന്നു. ദൈവപ്രസാദമുള്ളവർ നിരന്തര പ്രാർത്ഥ നയുടെ ശക്തിയറിയുന്നു. എന്നാൽ ഇത്ര ഉയർന്ന ആദ്ധ്യാത്മികതലത്തിൽ എത്തിയിട്ടില്ലാത്തവർക്ക് പ്രസാദവരത്തിനായി, ദൈവകൃപയാൽ ശോഭിതരായ മഹാത്മാക്കൾ എഴുതിയിട്ടുള്ള പ്രാർത്ഥനകളെ ആശ്രയിക്കാം. ആത്മീയ തീർത്ഥാടനത്തിൽ ബഹുദൂരം സഞ്ചരിച്ച് "കൃപയിന്മേൽ കൃപ" പ്രാപിച്ചവ രാണ് ആ പ്രാർത്ഥനകളുടെ രചയിതാക്കൾ. അതുകൊണ്ടാണ് ഓർത്തഡോക്സ് സഭയിൽ എഴുതപ്പെട്ട പുരാതന പ്രാർത്ഥനകൾക്ക് വലിയ സ്ഥാനം നല്കിയിരിക്കുന്നത്. 'മാർ അപ്രേമിന്റെ സങ്കീർത്തന' ത്തിന്റെ പ്രാധാന്യം  ഈ പശ്ചാത്തലത്തിലാണ് ഗ്രഹിക്കേണ്ടത്.

പൗരസ്ത്യ പാരമ്പര്യത്തിൽ വിശ്വാസപ്രമാണങ്ങൾ പ്രാർത്ഥനയുടെ അകമ്പടിയോടെയാണ് അവത രിപ്പിക്കാറുള്ളത്. കാരണം, യുക്തിപരവും വാഗ്‌രൂപത്തിലുള്ളതുമായ വെറും വിശ്വാസനിർവ്വചനങ്ങൾ ക്രിസ്തീയവിശ്വാസത്തിന്റെ ഉൾക്കാമ്പിനെ വെളിപ്പെടുത്തുവാൻ കഴിവുള്ളവയല്ല. ത്രിയേക ദൈവത്തെ സ്തുതിക്കുന്നതും (doxology) ആന്തരിക പ്രാർത്ഥനയുടെ നിശ്വാസം ഉതിർക്കുന്നതുമായ ആരാധ നയ്ക്ക് മാത്രമേ അപ്രമേയനായ ദൈവത്തിന്റെ തേജസ്സിനെ അല്പമെങ്കി ലും പ്രസ്ഫുരിപ്പിക്കാനാവൂ. പൗരസ്ത്യ ദൈവശാസ്ത്രത്തിലെ അടിസ്ഥാനപ്രമാണമാണിത്. "പ്രാർത്ഥിക്കുന്നവൻ ആരോ അവനാ കുന്നു ദൈവശാസ്ത്രജ്ഞൻ; ദൈവശാസ്ത്രജ്ഞൻ ആരോ അവൻ പ്രാർത്ഥിക്കുന്നവനാകുന്നു" എന്ന പ്രഖ്യാതമായ മഹദ് വചനം (പൊന്തോസിലെ വി. ഇവാഗ്രിയസ്) ഇവിടെ സ്മരണീയമാണ്. അതു കൊണ്ട് വി. അപ്രേമിന്റെ രചനകളിൽ പ്രാർത്ഥനാരൂപമോ സ്തോത്രഗീതരൂപമോ ഉള്ളവയെയാണ് ഈ സങ്കീർത്തന പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സ്വർ ഗ്ഗീയ ഗായകനായ ദാവീദിന്റെ സങ്കീർത്ത നങ്ങളുടെ ചുവടുപിടിച്ചാണ് നൂറ്റിഅമ്പത് പ്രാർത്ഥനകൾ ഈ പുതിയ സങ്കീർത്തനത്തിൽ നിരത്തിയിരി ക്കുന്നത്.

മാർ അപ്രേമിനെ ശ്രേഷ്ഠനായ സന്യാസിയും താപസനുമായിട്ടാണ് പൗരസ്ത്യ ക്രിസ്തീയ പാര മ്പര്യം കാണുന്നത്. സന്യാസികളെന്ന് പറയുന്ന പലർക്കും ഉണ്ടാകുന്ന ഒരു പരീക്ഷ, അതായത്, വൈദിക മേലദ്ധ്യക്ഷസ്ഥാനത്തേയ്ക്ക് കണ്ണുനട്ട്, അത് കൈവശപ്പെടുത്താൻ തന്ത്രമന്ത്രങ്ങൾ മെനയാൻ ജീവിതം ഉഴിഞ്ഞുവയ്ക്കുന്ന രീതി, അപ്രേമിനെ ഒട്ടും സ്വാധീനിച്ചില്ല. ക്രിസ്തുവിന്റെ സഭയുടെ എളിയ ശുശ്രൂഷ കനായി കഴിയുന്നതിൽ സംതൃ പ്തി കണ്ടെത്തിയ ആ വിശുദ്ധൻ ക്രിസ്തീയ സന്യാസത്തിന് സ്വജീവി തംകൊണ്ട് ഉത്തമഭാഷ്യം രചിച്ചു. ഉത്തമരായ സന്യാസിമാരിൽനിന്ന് സഭ പ്രതീക്ഷിക്കുന്ന വിശുദ്ധമായ വിജ്ഞാനവും ആരാധനാ സാഹിത്യ സംഭാവനകളും വേദവ്യാഖ്യാനവും ആത്മീക മാർഗ്ഗനിർദ്ദേശവും മാർ അപ്രേം സഭയ്ക്ക് നല്കി.

പൗരസ്ത്യ സഭയുടെ അതിസമ്പന്നമായ ആരാധനാശൈലിയുടെയും പ്രാർത്ഥനകളുടെയും ഉറവിടം സന്യാസപ്രസ്ഥാനമാണ്. നിരന്തരമായ വേദപുസ്തകപഠനം, ഏകാന്ത ധ്യാനം, നോമ്പ്, ഉപവാസം തുട ങ്ങിയ തപോനിഷ്ഠകൾ, സമൂഹാരാധന, മനുഷ്യസ്നേഹ നിർഭരമായ പ്രവർത്തനങ്ങൾ എന്നിവയി ലൂടെ "ലോക ത്തെ ജയിച്ച" വിശുദ്ധരായ വ്യക്തികൾ എഴുതിയും പാടിയും ക്രമീകരിച്ച വേദസ്തുതി കളും പ്രാർത്ഥനകളും പിന്നീട് സാമാന്യജനങ്ങളിലേക്ക് പ്രചരിച്ചു.

സന്യാസപ്രസ്ഥാനത്തിന്റെ ശക്തി കുറെയേറെ ക്ഷയിച്ച ആധുനിക കാലഘട്ടത്തിൽ, ദീർഘമായ പ്രാർത്ഥനകളും ആരാധനാക്രമങ്ങളും എത്രമാത്രം പ്രസക്തമാണെന്ന് പലരും ചോദിക്കുന്നുണ്ട്. വ്യാവ സായികവിപ്ലവത്തിന്റെയും ശാസ്ത്ര - സാങ്കേതികവിദ്യയുടെയും ഫലമായി ഉണ്ടായിരിക്കുന്ന പുതിയ ആഗോള സംസ്കാരത്തിന് ആദ്ധ്യാത്മിക ചായ്‌വ് ഒട്ടും തന്നെ ഇല്ല. മാത്രമല്ല, സമ്പത്തിനോടും ഭൗതി കസുഖങ്ങളോടും അതു കാണിക്കുന്ന അമിതമായ പ്രതിപത്തി മൂലം, ആദ്ധ്യാത്മികമൂല്യങ്ങൾക്ക് വളരാ നുള്ള  സാംസ്കാരിക പരിതോവസ്ഥതന്നെ ഇല്ലാതായിരിക്കുന്നു.

എങ്കിലും നമ്മുടെ കാലഘട്ടത്തിൽ, പുതിയൊരു മാനുഷിക ജീവിതശൈലിക്കുവേണ്ടിയുള്ള അന്വേ ഷണങ്ങൾ പലയിടത്തും നടക്കുന്നുണ്ട്. ഈജിപ്തിൽ നൈൽ നദിയുടെ ഇരുവശങ്ങളിലുമായി കടൽപോലെ പരന്നുകിടക്കുന്ന മരുഭൂമിയിൽ, പുരാതന മഹർഷിമാരെ അനുകരിച്ച്, വളരെ ശക്തമായ സന്യാസപ്രസ്ഥാനം ഉടലെടുത്തിട്ടുണ്ട്. കോപ്റ്റിക് ഓർത്ത ഡോക്സ് സഭയുടെ പാരമ്പര്യത്തിലുള്ള ഈ പുതിയ പ്രസ്ഥാനം ആയിരക്കണക്കിന് ചെറുപ്പക്കാരെ സന്യാസജീവിതത്തിലേക്ക് ആകർഷിക്കു

ന്നു. ഗ്രീസിൽ ഓർത്തഡോക്സ് ശൈലിയിലുള്ള തപോനിഷ്ഠകൾക്ക് പ്രസിദ്ധമായ ആഥോസ് മലയിലും പൗരസ്ത്യ യൂറോപ്പിലെ പല രാജ്യങ്ങളിലും സന്യാസത്തിന് പുതിയ നാമ്പുകൾ മുളയ്ക്കുന്നുണ്ട്. പാശ്ചാത്യ കത്തോലിക്കാ സഭയിലെ വിവിധ സന്യാസവിഭാഗങ്ങൾക്ക് ആൾബലം കുറഞ്ഞിട്ടുണ്ടെങ്കിലും അവയെല്ലാം ഇപ്പോഴും സജീവമായ സേവനസരണിയിലാണ്. പ്രോട്ടസ്റ്റന്റ് പാരമ്പര്യത്തിൽ ഫ്രാൻസിലെ തെസേ (Taize), സ്കോട്ട്ലൻഡിലെ അയോണാ (Iona) എന്നീ പ്രസിദ്ധ സമൂഹങ്ങൾ പുരാതനമായ ക്രിസ്തീയ ആദ്ധ്യാത്മികശിക്ഷണവും ആധുനിക ലോകത്തിന്റെ വെല്ലുവിളികളും എങ്ങനെ സമന്വയിപ്പിച്ച് പുതിയൊരു ആദ്ധ്യാത്മിക ജീവിതശൈലി സൃഷ്ടിക്കാം എന്ന് അന്വേഷിക്കുന്നു.

ചുരുക്കത്തിൽ സന്യാസത്തിന്റെ പുരാതന രൂപങ്ങൾക്ക് വ്യത്യാസം വരുന്നുണ്ടെങ്കിലും അതിന്റെ അന്തഃസത്ത വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ ധാരാളമുണ്ട്. പരിസ്ഥിതിയുടെ ജീർണ്ണതയും ആഗോളവത്കരണത്തിന്റെ സാമ്പത്തികാസമത്വങ്ങളും കുടുംബ ബന്ധങ്ങളുടെ ശൈഥില്യവും മറ്റും മാനുഷികാന്തസ്സിനെ തകർക്കുകയും ജീവന്റെ നിലനില്പുതന്നെ അപകടത്തിലാക്കുകയും ചെയ്യുമ്പോൾ, ഒരു പുതിയ ജീവിതശൈലി സ്വീകരിക്കുവാൻ നാം നിർബന്ധിതരായിത്തീരും, ലളിതവും നീതിപൂർവകവും എല്ലാവർക്കും പങ്കാളിത്തമുള്ളതുമായ പുതിയൊരു സാമൂഹ്യജീവിതവ്യവസ്ഥിതിക്ക് ആദ്ധ്യാത്മികമായ അടിത്തറയല്ലാതെ മറ്റൊന്നും നമുക്ക് ചൂണ്ടിക്കാണിക്കാനില്ല.

ഒരു കാലത്ത് ലോകത്തിന്റെ തെറ്റായ വ്യവസ്ഥയെ എതിർത്ത നല്ലവരും ആദർശശാലികളുമായ മനുഷ്യർ മരുഭൂമിയിലേക്കും വനാന്തരങ്ങളിലേക്കും മാറി ഏകാന്തതയും ആത്മീയശാന്തതയും തേടിയെങ്കിൽ, ഇന്ന് നമുക്ക് മിക്കവർക്കും അത് സാധ്യമല്ലല്ലോ. അതുകൊണ്ട്, മരുഭൂമി നമുക്ക് ബാഹ്യമായിട്ടല്ല, നമുക്കുള്ളിലാണ്; ലോകത്തിൽനിന്ന് ഒളിച്ചോടിപ്പോയല്ല, നമ്മുടെ ഉള്ളിൽത്തന്നെ മരുപ്രയാണം നടത്തിവേണം തപസ്സനുഷ്ഠിക്കാൻ എന്ന് അറിവുള്ളവർ പറയുന്നു. ക്രിസ്തു പഠിപ്പിച്ചതുപോലെ "ലോകത്തിലായിരിക്കുകയും അതേസമയം ലൗകികർ അല്ലാതാവുകയും" ചെയ്യുന്ന അവസ്ഥയാണിത്.

ഈ ആന്തരിക വനാന്തരത്തിലെ തപോവൃത്തിക്ക് നമ്മെ സഹായിക്കുന്ന പ്രാർത്ഥനകളും ധ്യാനങ്ങളും അനുഷ്ഠാനങ്ങളും പുരാതന ക്രിസ്തീയ പാരമ്പര്യത്തിൽ നിന്ന് നമുക്ക് സൗകര്യാനുസരണം സ്വീകരിക്കാവുന്നതാണ്. ഇവിടെയാണ് മാർ അപ്രേമിന്റെ പ്രാർത്ഥനകൾ പോലെയുള്ള പുസ്തകങ്ങളുടെ പ്രസക്തി നാം കാണേണ്ടത്.

ഇപ്പോൾ മിക്കവരും അഭികാമ്യമായി കരുതുന്ന ആധുനിക ആഗോള സംസ്കാ രം വ്യക്തിയുടെ സ്വാർത്ഥപരമായ ലക്ഷ്യങ്ങളിൽ വേരൂന്നിയതാണ്. ഇത്തരം സ്വാർത്ഥലക്ഷ്യങ്ങൾ ബാഹ്യമായി നോക്കിയാൽ അത്ര മോശമാണെന്ന് പറയാനാവുകയില്ല. Enlightened self - interest എന്ന് ചിലർ വിളിക്കുന്ന ഈ സ്വാർത്ഥതയാണ് കമ്പോള സംസ്കാരത്തിന്റെ ആണിക്കല്ലുകളിലൊന്ന്. ചില പ്രത്യേക സാഹചര്യങ്ങളിൽ പ്രത്യേക പരിമിതികൾക്കുള്ളിൽ പലർക്ക് പ്രയോജനം ചെയ്യുന്നതാണ് ഈ വ്യവസ്ഥ. എന്നാൽ ആഗോളതലത്തിൽ കൂടുതൽ ദാരിദ്ര്യവും അനീതിയും അതി ന്റെ ഫലമായി അക്രമവും വർദ്ധിപ്പിക്കുന്നതാണ് ഇത്തരം സ്വാർത്ഥത. മത്സരം, അത്യാഗ്രഹം, വഞ്ചന, പരാജയം, നിരാശ എന്നിവയെല്ലാം ഇതിന്റെ കൂടപ്പിറപ്പുകളാണ്. കൂടുതൽകൂടുതൽ സമ്പാദിച്ചു കൊണ്ടിരുന്നാൽ മാത്രമേ ഈ സ്വാർത്ഥവ്യവസ്ഥ നിലനിർത്താനാവൂ. പക്ഷേ, നിരന്തരമായ ആർജ്ജനാസക്തിമൂലം, മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതും ലോകത്തിന്റെ വിഭവശേഷിയെ കവർന്നെടുക്കുന്നതും ഈ വ്യവസ്ഥയുടെ അവിഭാജ്യഘടകമായിത്തീരുന്നു. "കൂടുതൽ ഉത്പാദനം, കൂടുതൽ ഉപഭോഗം" എന്ന തത്ത്വം അധികം താമസിയാതെ നമ്മുടെ ലോകത്തിന്റെയും സർവ്വജീവജാലങ്ങളുടേയും ഭദ്രതയെ തകർക്കും. ഇത്തരം സ്വാർത്ഥവ്യവസ്ഥയിലൂന്നിയ ഒരു സാമൂഹ്യക്രമമാണ് പുതിയ ആഗോളസംസ്കാരത്തിന്റെ ഭാഗമായി നമ്മുടെ നാട്ടിലും പ്രചരിക്കുന്നത്. ഇതിൽ നിന്ന് വ്യത്യസ്തമായി, സമൂഹത്തിന്റെ പൊതുവായ നന്മയും അതേസമയം വ്യക്തിബന്ധങ്ങളുടെ ശ്രേഷ്ഠതയും മനുഷ്യസ്വാതന്ത്ര്യവും ഉപഭോഗത്തിൽ മാത്രം ആശ്രയിക്കാത്ത ജീവിതമേന്മയും എങ്ങനെ പോഷിപ്പിക്കാമെന്നതാണ് നമ്മെ നേരിടുന്ന മുഖ്യചോദ്യം. സാമൂഹിക നിയന്ത്രണമുള്ള കമ്പോള വ്യവസ്ഥ (socially controlled market economy) യെക്കുറിച്ച് പലരും പറയുന്നുണ്ട്. പക്ഷേ, അവിടെയും അടിസ്ഥാനതത്ത്വമായി സ്വാർത്ഥതയും ആർജ്ജനാസക്തിയും തൽഫലമായ അക്രമവ്യവസ്ഥയും നിലനില്ക്കുന്നു എന്നതാണ് സത്യം.

ആത്മീകദർശനമുള്ള വ്യക്തികളുടെ കൂട്ടംചേരലിലൂടെ മാത്രമേ മാനുഷികമേന്മയുള്ള സാമൂഹിക ബന്ധങ്ങൾ സൃഷ്ടി ക്കാനാവൂ. സമ്പത്ത്, യന്ത്രങ്ങൾ, ഉപഭോഗവസ്തുക്കൾ എന്നിവയോടുള്ള ഒരു പുതിയ അനാസക്തി വളർത്തിയെടുക്കുകയും മനുഷ്യ സംസ്കാരത്തിന്റെ ഗതിയെ ധാർമ്മിക മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ മുൻപോട്ട് നയിക്കുവാൻ മനുഷ്യരെ കഴിവുള്ളവരാക്കുകയും ചെയ്യുന്ന കൂട്ടായ്മകളാണ് നമുക്കാവശ്യം. ഇന്ന് നിലവിലുള്ള മതങ്ങൾക്കൊന്നുംതന്നെ അവയുടെ ഔദ്യോഗിക തലത്തിൽ

ഇത് ചെയ്യാൻ കഴിവില്ല എന്നു തോന്നുന്നു. കാരണം, മതനേതാക്കൾ നല്ല പങ്കും ആഗോള സംസ്കാരത്തോട് സമരസപ്പെട്ടു കഴിയാൻ നിർബന്ധിതരാണ്. വിമർശനാത്മകവും ക്രിയാത്മകവുമായ മനുഷ്യഭാവിയെക്കുറിച്ചുള്ള പ്രവാചകദർശനം ഔദ്യോഗികതലങ്ങളിൽ നിന്ന് പ്രതീക്ഷിക്കേണ്ടതില്ല. എന്നാൽ അതേസമയം, മതങ്ങളുടെ പരമ്പരാഗതമായ ആദ്ധ്യാത്മികസ്രോതസ്സുകളെ ഉൾക്കൊണ്ടിട്ടുള്ള ചെറുസമൂഹങ്ങളും വ്യക്തികളും ഒരളവുവരെ നമ്മെ സഹായിക്കാൻ കഴിവുള്ളവയാണ്.

ക്രിസ്തീയ പാരമ്പര്യത്തിലെ സമുന്നത മൂല്യങ്ങൾ സ്വാംശീകരിച്ച് പുതിയ കുടുംബ - സാമൂഹിക ക്രമങ്ങൾ സൃഷ്ടിക്കാനുള്ള വെല്ലുവിളി നാം ഏറ്റെടുക്കണം. ആത്മശിക്ഷണവും ആർദ്രമായ മനുഷ്യസ്നേഹവും നീതിക്കുവേണ്ടിയുള്ള വിശപ്പും ദാഹവും സ്വാർത്ഥസുഖങ്ങളെക്കാൾ സമൂഹത്തിന്റെ പൊതുവായ നന്മയ്ക്ക് മുൻതൂക്കം കൊടുക്കുന്ന ത്യാഗമനോഭാവവും അർത്ഥപൂർണ്ണമായ ആരാധനയും പക്വമായ അറിവിന്റെ പുതിയ പ്രകാശം സൃഷ്ടിക്കുന്ന പഠനങ്ങളും ഗവേഷണങ്ങളും എല്ലാം ഈ വെല്ലുവിളിയുടെ ഭാഗമാണ്.

ഇത്തരമൊരു വ്യവസ്ഥയെ സ്വപ്നം കാണുന്ന ഡോ. ചെറിയാൻ ഈപ്പൻ, സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഈ പുസ്തകം മലയാളത്തിൽ പ്രസിദ്ധീകരിച്ച് പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്. ശാസ്ത്ര - സാങ്കേതിക - വ്യാവസായിക ലോകത്തിന്റെ കുതിപ്പും കിതപ്പും നല്ലവണ്ണമറിയാവുന്ന ഡോ. ചെറിയാൻ ആദ്ധ്യാത്മികതയുടെ ഉൾവിളിയും ഒരേ സമയം തിരിച്ചറിയുന്നു. ശ്രേഷ്ഠമായ ജീവചരിത്രരചനകളിലൂടെ മലയാള സാഹിത്യത്തെ സമ്പന്നമാക്കിയ ശ്രീ. എം. കുര്യന്റെ വിവർത്തനം ഈ പുസ്തകത്തെ അതീവ ഹൃദ്യമാക്കുന്നു. പ്രാർത്ഥനയുടെ ആത്മാവിൽ ആവിഷ്കൃതമാകുന്ന ഈ പ്രസിദ്ധീകരണത്തിന് എല്ലാ ആശംസകളും.

**ആദ്ധ്യാത്മിക സങ്കീർത്തനം**

മാർ അപ്രേം
വിവർത്തനം: എം. കുര്യൻ
പ്രസാധകർ: റോയ് ഇന്റർനാഷണൽ പ്രൊവിഡൻഷ്യൽ ഫൗണ്ടേഷൻ,
5 - ബി, സെഞ്ചറി ടവേഴ്സ്, കോട്ടയം - 1